ഇമാം നവവി (റ) :യും എതിരാളികളും

ഇമാം നവവി (റ) : ഏതൊരാൾ എവിടെ വെച്ച് നബി (സ) തങ്ങൾക്ക് സലാം പറഞ്ഞാലും നബി (സ) അതറിഞ്ഞ് സലാം മടക്കും. മുഅ്മിനീങ്ങളുടെ സ്വലാത്തുകൾ നബി (സ) തങ്ങളുടെ ഖബ്റിൻ ശരീഫിന്നരികിൽ എത്തിക്കപ്പെടും. (അദ്കാർ)

ഇമാം നവവി (റ) : നബി (സ) തങ്ങൾക്ക് ആരെങ്കിലും സലാം കൊടുത്തയച്ചാൽ ഏൽപിക്കപ്പെട്ടയാൾ നബി (സ) തങ്ങളുടെ ഖബ്റിൻ ശരീഫിൽ വെച്ച് 'ഇന്ന വ്യക്തി അങ്ങേക്ക് സലാം പറഞ്ഞിരിക്കുന്നു' എന്ന് പറയണം (അദ്കാർ)

- ഇതിനെ ശിർക്കാണെന്ന് വിശ്വസിക്കുന്നവർ ഇമാം നവവി (റ) മുശ്രിക്കാണെന്ന് വിശ്വസിക്കേണ്ടി വരുന്നു.

- ഇമാം നവവി (റ) മുശ്രിക്കാണെന്ന് പറയുമ്പോൾ ലോകത്തുള്ള എല്ലാ ഔലിയാക്കളും, സ്വാലിഹീങ്ങളും മുശ്രിക്കാണെന്ന് വിശ്വസിക്കേണ്ടി വരുന്നു.

- കാരണം ഇമാം നവവി (റ) തങ്ങളെ അംഗീകരിക്കാത്ത ഔലിയാക്കൾ, സ്വാലിഹീങ്ങൾ ലോകത്ത് ഉണ്ടായിട്ടില്ല, അഥവാ ഇമാം നവവി (റ) തങ്ങളെ അംഗീകരിക്കാത്തവർക്ക് ഔലിയാക്കൾ, സ്വാലിഹീങ്ങളുടെ പദവിയിലേക്ക് ഉയരാൻ കഴിയില്ല. എതിരാളികൾ ആ പദവിയിലേക്ക് ഉയരുകയില്ല സുന്നികൾക്ക് മാത്രമേ ഉയരാൻ കഴിയുകയുള്ളൂ എന്നർത്ഥം.